# ഗവ എൽ പി എസ് കരിയം

കണിയാപുരം ബി ആർ സി

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## സ്കൂൾ തലം



# ആമുഖം

114 വർഷത്തെ പഴക്കമുള്ള കരിയം ഗവൺമെന്റ് എൽ പി സ്കൂൾ എന്ന ഈ മുത്തശ്ശി വിദ്യാലയം അക്കാദമികവും - അക്കാദമികേതരവുമായ രംഗങ്ങളിൽ മികവ് പുലർത്തി മുന്നേറിക്കൊണ്ടിരിക്കുന്നു. ഈ വിദ്യാലയത്തിലെ കുട്ടികളുടെ സമഗ്രവും സമ്പൂർണ്ണവുമായ വികാസം ലക്ഷ്യമാക്കി മികച്ച ആസൂത്രണത്തോടെ തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാൻ അതിന് അനുയോജ്യവും വ്യത്യസ്തവുമായ നിരവധി പ്രായോഗിക പദ്ധതികളും പ്രവർത്തനങ്ങളും ഉൾക്കൊള്ളുന്നതാണ്. പഠന പ്രവർത്തനങ്ങളിൽ മുന്നേറുന്നതോടൊപ്പം കലാ- കായികാരോഗ്യ രംഗങ്ങളിൽ മികവ് പുലർത്തുന്നതിനും മണ്ണിനെയും മനുഷ്യനെയും സ്നേഹിക്കുന്നതിനും പ്രകൃതി സൗഹൃദ ജീവിത രീതി നയിക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്ന നിരവധി പ്രവർത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്... കുട്ടികൾ ഭാഷയിലും ശാസ്ത്രത്തിലും ഗണിതത്തിലും കൈവരിക്കേണ്ട നേട്ടങ്ങൾക്കൊപ്പം ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. അക്വപോണിക്ക്സ്, കിളിക്കൂട് ( പക്ഷി നിരീക്ഷണം), ചാറ്റ് വിത് അലക്സ തുടങ്ങിയ വേറിട്ട പ്രവർത്തനങ്ങളിലൂടെ നൂതന സാങ്കേതികവിദ്യകളിലും virtual assistant സംവിധാനങ്ങളിലും മികവുറ്റവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. ഈ വർഷം ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾതലം 2025 - 2026

മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | അഭിപ്രായങ്ങൾ |
|---|---|---|---|---|---|
| ആശയാ വതരണസമീപനത്തിലൂടെ ഭാഷാ പഠനത്തിൽ അടിസ്ഥാനശേഷി ഉറപ്പിക്കുക. | **അക്ഷരചെപ്പ്**<br>അക്ഷരവും അടയാളവും ഉറപ്പിക്കൽ.<br>വായന കാർഡ്, വർക്ക്ഷീറ്റ് എന്നിവ നൽകി അക്ഷരങ്ങൾ ഉറപ്പിക്കുന്ന പ്രവർത്തനം.<br>**പദചങ്ങല**<br>വായന സാമഗ്രികളിൽ നിന്ന് കണ്ടെത്തുന്നു.<br>**വാക്യമേള**<br>ചിത്ര വായന, ചിത്രകഥ, ചിത്രത്തിന് അടിക്കുറിപ്പ്, കഥ പൂർത്തിയാക്കൽ, കവിതാപൂരണം, ICT.<br>**പദവേട്ട**<br>അക്ഷരക്കേളിയിലൂടെ അക്ഷരങ്ങളും പാദങ്ങളും ഉറപ്പിക്കാൽ. | ജൂൺ- സെപ്റ്റംബർ<br>ആഴ്ചയിൽ ഒരിക്കൽ | SRG<br>അധ്യാപകർ | SRG | |
| വായനാ പരിപോഷണം. | **വായനലോകം**<br>വായന മൂല ഒരുക്കൽ.<br>ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>സ്കൂൾ ലൈബ്രറി വായന കൂട്ടം.<br>വായനദിനാചരണം.<br>വിദ്യാരംഗം | ജൂൺ- മാർച്ച് | SRG<br>അധ്യാപകർ<br>വിദ്യാരംഗം ക്ലബ്ബ് | SRG<br>SMC | |

| | | | | | |
|---|---|---|---|---|---|
| | കലാസാഹിത്യവേദി പ്രവർത്തനങ്ങൾ.<br><br>വായനോത്സവം സംഘടിപ്പിക്കൽ. | | | | |
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | **മധുരം മലയാളം**<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ, സാമഗ്രികൾ ഒരുക്കൽ. | ജൂലൈ-ഫെബ്രുവരി | SRG<br>അധ്യാപകർ രക്ഷിതാക്കൾ | SRG | |
| സ്വതന്ത്ര രചനയ്ക്ക് പ്രാപ്തരാക്കുക.<br><br>രചനാപരിചയകുറിപ്പ്. | **എഴുതാം തെളിയാം**<br>പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ.<br><br>രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കൽ. | ജൂലൈ-ഫെബ്രുവരി | അധ്യാപകർ<br><br>വിദ്യാരംഗം ക്ലബ്ബ് | SRG<br>SMC | |
| ആരോഗ്യകരമായ ഭക്ഷണ രീതികൾ പരിചയപ്പെടൽ. | **രുചിയിലൂടെ**<br>ഭക്ഷ്യമേള സംഘടിപ്പിക്കൽ, പാചക കുറിപ്പ് തയ്യാറാക്കൽ, രുചി കുറിക്കൽ. | ജനുവരി | SRG<br>SMC | SRG<br>SMC | |
| താളാത്മക അവതരണം. | **പാട്ടരങ്ങ്**<br>വ്യത്യസ്ത താളങ്ങൾ പരിചയപ്പെടൽ.<br><br>കവിത താളത്തിൽ ചൊല്ലൽ.<br><br>സംഗീതോപകരണങ്ങളുടെ നിർമ്മാണം.<br><br>റീൽസ് നിർമാണം. | ആഗസ്റ്റ്-ഫെബ്രുവരി | SRG<br><br>അധ്യാപകർ<br><br>രക്ഷിതാക്കൾ | SRG<br>SMC | |
| ഭാഷയുടെ പ്രയോഗവും ആസ്വാദനവും. | **റേഡിയോ ക്ലബ്ബ്**<br>(കിഡ്സ് വാണി @കരിയം 2024) | ആഴ്ചയിൽ രണ്ട് (വർഷം മുഴുവൻ) | SRG<br>രക്ഷിതാക്കൾ<br>അധ്യാപകർ | SRG<br>SMC | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾതലം 2025 - 2026

ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | അഭിപ്രായങ്ങൾ |
|---|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ.<br><br>ഗണിതം ലളിതമാക്കൽ. | **ഗണിതം മധുരം**<br>ഗണിത കേളികൾ,<br>ഉല്ലാസ ഗണിതം,<br>ഗണിത വിജയപ്രവർത്തനങ്ങൾ,<br>ഗണിത പസിലുകൾ,<br>കാർഡ് കളി. | ജൂൺ- മാർച്ച് | SRG | SRG | |
| പണവിനിമയം.<br><br>ബാങ്കിങ് പ്രക്രിയയുടെ ബോധ്യം ഉറപ്പാക്കൽ.<br><br>സമ്പാദ്യശീലം വളർത്തൽ. | **കുട്ടീസ് ബാങ്ക്**<br>അംഗത്വമെടുക്കൽ,<br>പാസ്ബുക്ക് ,<br>നിക്ഷേപം,<br>ചുമതല വിഭജനം,<br>ബാങ്ക് മാതൃക,<br>ബാങ്ക് സന്ദർശനം. | ജൂൺ- മാർച്ച് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ | അധ്യാപകർ | |
| ഗണിത പഠനത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | **ഗണിത ക്ലിനിക്**<br>പിന്തുണ ക്ലാസുകൾ നൽകുന്നു,<br>ഗണിത പസിലുകൾ,<br>Buddy system പ്രയോജനപെടുത്തുന്നു,<br>ICT സാധ്യത (Tux maths, Geogebra). | ജൂലൈ- ഫെബ്രുവരി | SRG<br>അധ്യാപകർ | | |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ. | **ഗണിത ലാബ്**<br>സ്കൂളിൽ ഗണിതലാബ് സജ്ജീകരണം - പഠനത്തിന് ഉപയോഗപ്പെടുത്തൽ.<br>ക്ലാസ്സിൽ ഗണിത ലാബ്.<br>കൂടുതൽ ഗണിത പഠനോപകരണങ്ങൾ ശേഖരണം. | ജൂൺ- മാർച്ച് | അധ്യാപകർ<br><br>ഗണിത ക്ലബ്ബ് | SRG<br>SMC | |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ<br><br>ഗണിതശേഷികളുടെ പ്രകടനം | **ഗണിത മേള**<br>സ്കൂൾ റേഡിയോ ക്ലബ്ബിലൂടെ കുസൃതി ചോദ്യം, പ്രശ്നോത്തരി സംഘടിപ്പിക്കൽ. പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | ഡിസംബർ | അധ്യാപകർ<br>SRG<br>ഗണിത ക്ലബ്ബ് | അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾതലം 2025 - 2026

സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | അഭിപ്രായങ്ങൾ |
|---|---|---|---|---|---|
| ഇന്ത്യയുടേയും കേരളത്തിന്റെയും അടിസ്ഥാന വിവരങ്ങൾ, രാഷ്ട്രീയം, ഭൂപ്രകൃതി വൈവിധ്യങ്ങൾ തുടങ്ങിയ വിവരങ്ങളെ കുറിച്ച് ബോധവാന്മാരാക്കുക. | **എന്റെ ഇന്ത്യ**<br>ഭൂപടം പരിചയപ്പെടൽ, തയ്യാറാക്കൽ.<br>(Political and Geographical)<br>വിവരണം തയ്യാറാക്കൽ.<br>ക്വിസ് മത്സരങ്ങൾ ഗ്രൂപ്പ് തലത്തിൽ<br>വിവിധ ഐസിടി സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് വിവരശേഖരണം.<br>(K-Geography, Marble)<br>സ്വാതന്ത്ര്യദിനാചരണം | ജൂൺ - മാർച്ച് | SRG | | |
| ഗ്രഹങ്ങൾ ഉപഗ്രഹങ്ങൾ നക്ഷത്രങ്ങൾ മറ്റ് ആകാശഗോളങ്ങൾ എന്നിവയുടെ വിവിധ ചലനങ്ങളെക്കുറിച്ചും അവ ഭൂമിയിലും ജന ജീവിതത്തിലും ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും നിരീക്ഷണ- പരീക്ഷണങ്ങളിലൂടെ നിഗമനങ്ങൾ രൂപപ്പെടുത്തുക. | **വിണ്ണിലെ വിസ്മയങ്ങൾ**<br>വാനനിരീക്ഷണം<br>സൗരയൂഥം -റോൾപ്ലേ<br>ആൽബം തയ്യാറാക്കൽ<br>വിവിധ ഐസിടി സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് നിരീക്ഷണം.<br>(Stellarium) | ജൂൺ - മാർച്ച് | SRG,SMC | | |
| ബാങ്കിങ് പ്രക്രിയ മനസ്സിലാക്കുന്നതിലൂടെ സമ്പാദ്യശീലം മനുഷ്യജീവിത പുരോഗതിക്ക് | **കുട്ടീസ് ബാങ്ക്**<br>ബാങ്കിങ് പ്രക്രിയ പരിചയപ്പെടൽ ,<br>വരുമാന സ്രോതസ്സുകൾ തിരിച്ചറിയൽ , | | SRG,SMC | | |

| | | | | | |
|---|---|---|---|---|---|
| അനിവാര്യമാണെന്ന് തിരിച്ചറിയുന്നു. | ബാങ്ക് മാതൃക,<br>ബാങ്ക് സന്ദർശനം. | | | | |
| പഠിതാക്കളെ ചരിത്രവബോധമുള്ളവരും ദേശീയ അവബോധം ഉള്ളവരുമാക്കി മാറ്റുക. | **EXPLORER**<br>ഐസിടി സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സംഭവങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു.<br>നാണയം , സ്റ്റാമ്പ്, പുരാവസ്തുക്കൾ തുടങ്ങിയവയുടെ ശേഖരണം സാമൂഹ്യശാസ്ത്രമേള സംഘടിപ്പിക്കൽ.<br>ഗാന്ധിജയന്തി<br>സ്വാതന്ത്ര്യദിനാചരണം<br>റിപ്പബ്ലിക് ദിനാചരണം | ജൂൺ - മാർച്ച് | SRG | | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | സൈബർ സുരക്ഷ സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു.<br>സംവാദം നടത്തുന്നു. | ഫെബ്രുവരി | SRG, Teachers | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾതലം 2025 - 2026

ആരോഗ്യ കായിക-കലാ-പ്രവൃത്തിപരിചയം-ഐസിടി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | അഭിപ്രായങ്ങൾ |
|---|---|---|---|---|---|
| **കലാവിദ്യാഭ്യാസം**<br><br>കുട്ടികളിലെ സർഗവാസനകൾ തിരിച്ചറിഞ്ഞു പരിപോഷിപ്പിക്കുക. | സ്കൂൾ തല ബാലസഭകൾ.<br><br>സർഗ്ഗവേദി (സ്കൂൾ തലം).<br><br>മ്യൂസിക് ക്ലാസ്. | ജൂൺ-മാർച്ച് | SRG<br>അധ്യാപകർ | SRG | |
| **പ്രവൃത്തിപരിചയം**<br><br>കരകൗശല പരിശീലനം.<br><br>പഠനോപകരണങ്ങൾ നിർമ്മിക്കാൻ രക്ഷിതാക്കളുടെ പിന്തുണ. | ക്രാഫ്റ്റ് വർക്ക്,<br>ഒറിഗാമി,<br>പാഴ്വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ.<br><br>പഠനോപകരണ ശില്പശാല | ജൂൺ-മാർച്ച് | SRG<br>അധ്യാപകർ<br>രക്ഷിതാക്കൾ | അധ്യാപകർ<br>രക്ഷിതാക്കൾ | |
| **ആരോഗ്യ കായിക വിദ്യാഭ്യാസം**<br><br>കുട്ടികളിൽ ആരോഗ്യ സാമൂഹ്യ പ്രതിബദ്ധത ഉറപ്പാക്കൽ.<br><br>കുട്ടികളിലെ ആരോഗ്യ കായിക ക്ഷമത ഉറപ്പാക്കൽ. | **Way of living**<br>ചുമതല വിഭജനം<br>Service Volunteers<br>Discipline Police<br>Green Brigade<br>The helping Buddies<br><br>Aerobic exercises<br>Games<br>Zumba dance<br>Physical activities | ജൂൺ-മാർച്ച് | SRG<br>അധ്യാപകർ | SRG | |
| **ഐ.സി.ടി**<br>വിവരസാങ്കേതിക-വിദ്യയിൽ പരിജ്ഞാനം. | കളിപ്പെട്ടി ക്ലാസ് തല പരിശീലനം.<br>TB ബന്ധപ്പെടുത്തി ഐസിടി സാധ്യത പെടുത്തുന്നു. | ജൂൺ-മാർച്ച് | അധ്യാപകർ | | |

| | | | | | |
|---|---|---|---|---|---|
| വിവിധ ക്ലബ്ബുകൾ രൂപീകരിച് ആവശ്യമായ പഠന പിന്തുണ ഉറപ്പാക്കൽ. | ഭാഷാ ക്ലബ്ബ്<br>ശാസ്ത്ര ക്ലബ്ബ്<br>ഗണിത ക്ലബ്ബ്<br>വിദ്യാരംഗം ക്ലബ്ബ്<br>ഗാന്ധിദർശൻ ക്ലബ്ബ്<br>Eco club | ജൂൺ-മാർച്ച് | SRG<br>അധ്യാപകർ | SRG<br>അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

സ്കൂൾതലം 2025 - 2026

പരിസര പഠനം ,അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | അഭിപ്രായങ്ങൾ |
|---|---|---|---|---|---|
| നിരീക്ഷണം-അറിവ് നിർമ്മാണം.<br><br>പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിയൽ<br><br>സഹജീവി സ്നേഹം | **പ്രകൃതി നടത്തം**<br>പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ,<br>വൃക്ഷത്തൈ നടൽ,<br>പൂന്തോട്ടമൊരുക്കൽ.<br><br>പരിസ്ഥിതി ദിനാചരണം | ജൂൺ-ജൂലൈ | പരിസ്ഥിതി ക്ലബ്ബ്.<br><br>SRG | | |
| വ്യക്തി ശുചിത്വം, പരിസര ശുചിത്വം എന്നിവയുടെ പ്രാധാന്യം തിരിച്ചറിയൽ. | **വൃത്തി**<br>ക്ലാസ് തലത്തിൽ ശുചിത്വ മത്സരം സംഘടിപ്പിക്കൽ.<br><br>ശുചിത്വ സർവ്വേ സംഘടിപ്പിക്കൽ.<br><br>പരിസര ശുചിത്വവുമായി ബന്ധപ്പെട്ട രചന മത്സരങ്ങൾ സംഘടിപ്പിക്കൽ.<br><br>പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം.<br>ചുമതല വിഭജനം. | ജൂൺ-മാർച്ച് | പരിസ്ഥിതി ക്ലബ്ബ്.<br><br>SRG<br>അധ്യാപകർ | | |
| വ്യത്യസ്ത തരം പക്ഷികളെയും അവയുടെ ആവാസ വ്യവസ്ഥയെ തിരിച്ചറിയുന്നു | **കിളിക്കൂട്**<br>(പക്ഷി നിരീക്ഷണം)<br><br>ചുറ്റുപാടുമുള്ള പക്ഷികളെ നിരീക്ഷിക്കുകയും അവയുടെ പ്രത്യേകതകൾ ജേണലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു.<br><br>നിരീക്ഷിച്ച പക്ഷിയുടെ ചിത്രം തൂവലും ശേഖരിക്കുന്നു പ്രദർശിപ്പിക്കുന്നു. | ജൂൺ-മാർച്ച് | SRG<br>അധ്യാപകർ<br>SMC<br>രക്ഷിതാക്കൾ | SRG<br>SMC<br>രക്ഷിതാക്കൾ | |

| | | | | | |
|---|---|---|---|---|---|
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ.<br><br>**സഞ്ചരിക്കുന്ന ലാബ്** | **ശാസ്ത്ര മൂല**<br>ശാസ്ത്ര പഠനത്തിന് ആവശ്യമായ സാമഗ്രികൾ ഒരുക്കൽ,<br>പരീക്ഷണ കിറ്റ് തയ്യാറാക്കൽ, പരീക്ഷണത്തിന് ആവശ്യമായ സാമഗ്രികൾ ഉൾപ്പെടുത്തി സഞ്ചരിക്കുന്ന ലാബ് നിർമ്മാണം.<br>(20 പരീക്ഷണങ്ങൾ ഉൾപ്പെടുത്തുന്നു) | ജൂലൈ-ഫെബ്രുവരി | അധ്യാപകർ<br><br>ശാസ്ത്ര ക്ലബ്ബ് | SRG<br>SMC | |
| ശാസ്ത്ര പഠനം രസകരമാക്കൽ. | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.<br>ചാന്ദ്ര ദിനാചരണം. | ജൂലൈ-ഫെബ്രുവരി | അധ്യാപകർ<br><br>ശാസ്ത്ര ക്ലബ്ബ് | അധ്യാപകർ | |
| ആരോഗ്യകരമായ ഭക്ഷണ ശീലം പ്രോത്സാഹിപ്പിക്കൽ. | **Sugar Board**<br><br>വ്യത്യസ്ത തരം ഭക്ഷണസാധനങ്ങളിൽ അടങ്ങിയിരിക്കുന്ന പഞ്ചസാരയുടെ അളവ് പ്രദർശിപ്പിക്കുന്ന ബോർഡ് ഒരുക്കൽ. | ജൂൺ-മാർച്ച് | SRG<br>അധ്യാപകർ<br>SMC | SRG<br><br>SMC | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | **ശാസ്ത്രോത്സവം**<br>പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം.<br>ശാസ്ത്ര ദിനാചരണം. | ഫെബ്രുവരി | SRG<br>അധ്യാപകർ<br>SMC<br>ശാസ്ത്ര ക്ലബ്ബ് | SRG | |
| സംയോജിത മത്സ്യകൃഷി രീതി പരിചയപ്പെടൽ. | സ്കൂളിൽ മത്സ്യക്കുളം നിർമ്മാണം.<br>പച്ചക്കറി തോട്ടം നിർമ്മാണം.<br>സന്ദർശന പഠനങ്ങൾ.<br>പ്രോജക്ട് തയ്യാറാക്കൽ.<br>നിരീക്ഷണ കുറിപ്പ്. | ജൂൺ-മാർച്ച് | SRG<br>അധ്യാപകർ<br>SMC<br>കൃഷിഭവൻ | SRG<br><br>SMC | |

അക്കാദമിക മാസ്റ്റർ പ്ലാൻ
സ്കൂൾതലം 2025- 26
ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്ക് |
|---|---|---|---|---|---|
| അഞ്ചാം ക്ലാസിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1.അക്ഷരം ഉറപ്പിക്കൽ<br>2. അടയാളം ഉറപ്പിക്കൽ<br>3. അക്ഷര കാർഡ് പദക്കാർഡ് എന്നിവ ഉപയോഗിച്ച് പ്രവർത്തനങ്ങൾ നൽകൽ.<br>4. വാക്കുകളുടെ നിർമ്മാണം<br>5. വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ഡിസംബർ വരെ | ടീച്ചർ<br>എസ് ആർ ജി | എസ് ആർ ജി | |
| വീട് ഒരു പരീക്ഷണശാല. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ മനസ്സിലാക്കുക. | 1. ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക<br>2. ഐസിടി സഹായത്തോടെ വസ്തുക്കളും വാക്കുകളും തിരിച്ചറിഞ്ഞ് വായിക്കാനും എഴുതാനും മനസ്സിലാക്കുന്നു പരിശീലിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നു. | ആദ്യ ടേം | ടീച്ചർ<br>എസ് ആർ ജി | എസ് ആർ ജി | |
| ആശയങ്ങൾ തെറ്റ കൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള | 1. ഹിന്ദി അസംബ്ലി<br>2. ഹിന്ദിയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ<br>3. ക്ലാസ് ലൈബ്രറിയിൽ നിന്നും ലഘു ഹിന്ദി പുസ്തകങ്ങൾ | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ | ടീച്ചർ<br>എസ് ആർ ജി | എസ് ആർ ജി | |

| | | | | | |
|---|---|---|---|---|---|
| അവസരം | വായിക്കൽ<br>4. ഹിന്ദിയിൽ തയ്യാറാക്കിയ ചെറു നോട്ടീസ് ചെറിയ പത്രവാർത്തകൾ മുതലായവ അധിക വായനയ്ക്കായി തെരഞ്ഞെടുക്കൽ<br>5. സുരീലി ഹിന്ദിയുമായി ബന്ധപ്പെട്ട വിവിധ രചനകൾ ഉപയോഗപ്പെടുത്തൽ. | | | | |

# ACADEMIC MASTER PLAN
## SCHOOL LEVEL 2025- 26
## ENGLISH

| **Objectives** | **Activities** | **Duratio n** | **Agency** | **Financial support** | **Remarks** |
|---|---|---|---|---|---|
| Enhancing the communication skill of the learners by giving them more chances to **listen** to the language. | Providing the learners with opportunities to listen to English songs sung by native singers using School radio and ICT.<br>Let them listen to the song everyday and after listening to the song for 2 days continuously let them sing it with appropriate pronunciation. | First Term | Teacher SRG | SRG | |
| | Familiarising with sounds of each letters.<br>With the help of ICT the sounds of each letters are familiarised. | June July | Teacher SRG | | |
| | Using stories in E-cube stories are given to listen and let them retell the story. | First term | Teacher SRG | | |
| Enrich the vocabulary of the learners | <u>Word wall</u><br><br>Teacher provides a wall in the classroom with charts to write the new words they go through every new chapter. | June to March | Teacher SRG | SRG | |

| | | | | | |
|---|---|---|---|---|---|
| | <u>Dictionary</u><br><br>Everyday teacher gives a word from the textbook or from outside. Let them find the meaning using glossary or dictionary or with the help of others. They can include the meaning, part of speech, and can also make a sentence using the word. They can compile a dictionary using these words. | June to March | Teacher SRG | | |
| | <u>Spelling bee competition</u><br><br>Conducting spelling be competition in every 2 weeks. | June to March | Teacher SRG | | |
| Make the learners speak English fluently by giving them more opportunities to **speak** the language. | <u>English assembly</u><br><br>Every week and English assembly is conducted with children using English language to present prayer, pledge, thought of the day, news, story or poem presentation. | June to March | Teacher SRG | | |
| | Using English for asking permission and giving instruction. Every week teacher introduces an imperative sentence to ask permission like may I come in, can I go to the toilet, shall I get in ect.<br>And give them opportunities to use it inside the class and | First term | Teacher SRG | SRG | |

| | | | | | |
|---|---|---|---|---|---|
| | school. | | | | |
| | <u>English theatre</u><br><br>Every month the school conducts and English theatre in which the students are given opportunities to present something in English it maybe a story, a poem, a skit or a speech.. | June to March | Teacher SRG | SRG | |
| The learners **read** English fluently and with correct pronunciation by getting more opportunities to read English. | <u>Class library</u><br><br>Teacher arranges a class library with books appropriate to the class.<br>All the students are given the chance to read books from the class library and make it compulsory for the students to read at least two books every month. | June to March | Teacher, library incharge, SRG | SRG | |
| | <u>Reading corner</u><br><br>Near the class library teacher arranges a reading corner which provides picture story books, magazines, English newspaper, English notice, English posters. | June to March | Teacher SRG | SRG | |
| | <u>Reading competition</u><br><br>After completing the discussion on every chapter teacher contacts a reading competition in class level.<br>The reading | June to March | Teacher SRG | SRG | |

| | | | | | |
|---|---|---|---|---|---|
| | competition also conducts school level every month. | | | | |
| The learners **write** English without mistake by doing more writting activities. | English magazine<br><br>Preparing magazine in class level compiling the write up made by the learners. Let them compare the magazine after every unit.<br>Buy selecting the best works from these class magazines compiling a digital magazine in the last term and presents it in padanolsavam. | June to March | Teacher SRG | SRG | |
| | Diary entry<br>Asking the learners to write the diary of the learners. Let the learners evaluate the diary of each others. | August to March | Teacher SRG | | |
| To develop communication skill by means of AI (Alexa). | Chat with Alexa<br>Children are given the chance to communicate with Alexa in English..<br>They are given chances to ask questions, give instructions, and start a conversation. | July to Februar y | Techer , SRG | Teachers | |
| | | | | | |